2025JANUARY
11
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സാമ്പത്തിക വളർച്ച: ഈ വർഷം ഇന്ത്യ തിളങ്ങുമെന്ന് യുഎൻ

**ന്യൂഡൽഹി:** ആഗോള സാമ്പത്തിക വിപണിക്കെന്ന പോലെ ഇന്ത്യയ്ക്കും 2025 മികച്ച വർഷമാണെന്ന് ഐക്യരാഷ്ട്ര സംഘടന (യുഎൻ). കഴിഞ്ഞ വർഷം രേഖപ്പെടുത്തിയ 6.6 % ശതമാനത്തിന്റെ വളർച്ച ഈ വർഷവും തുടരുമെന്നും വിലക്കയറ്റത്തിൽ 4.3 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തുമെന്നും യുഎൻ പുറത്തിറക്കിയ 'വേൾഡ് ഇക്കണോമിക് സിറ്റുവേഷൻ ആൻഡ് പ്രൊസ്പെക്റ്റസ് റിപ്പോർട്ടിലുണ്ട് (2025).



കോവിഡും തുടർന്നു നടന്ന തിരഞ്ഞെടുപ്പുകളും ഇന്ത്യയിൽ സ്വകാര്യ നിക്ഷേപങ്ങൾ കുറയുന്നതിനു കാരണമായി. എന്നാൽ സ്ഥിതി ഈ വർഷത്തോടെ മെച്ചപ്പെടുമെന്നും ഫാർമസ്യൂട്ടിക്കൽ, ഇലക്ട്രോണിക്സ് മേഖലയിൽ ഇന്ത്യയിൽ നിന്ന് കയറ്റുമതി വർധിക്കുമെന്നും റിപ്പോർട്ടിലുണ്ട്. തൊഴിലിടങ്ങളിലെ സ്ത്രീ പ്രാതിനിധ്യത്തിലെ കുറവ് ഇപ്പോഴും ഇന്ത്യയിൽ പ്രശ്നമായി നിലനിൽക്കുന്നു.

# പോർട്ടലിൽ സാങ്കേതിക തകരാർ; ജിഎസ്ടി റിട്ടേണിന്റെ തീയതി നീട്ടി

**ന്യൂഡൽഹി:** ജിഎസ്ടി നെറ്റ്‌വർക്കിലെ (ജിഎസ്ടിഎൻ) തകരാർ പരിഗണിച്ച് റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള തീയതി കേന്ദ്ര പരോക്ഷ നികുതി മന്ത്രാലയം നീട്ടി. പോർട്ടലിലെ സാങ്കേതിക പ്രശ്നത്തെ തുടർന്ന് ഒട്ടേറെപ്പേർക്കു ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യാനായില്ലെന്നു പരാതി ഉയർന്നിരുന്നു. സാങ്കേതിക തകരാറിനെ തുടർന്നു ജിഎസ്ടി സെയിൽസ് റിട്ടേൺ സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകണമെന്നു കേന്ദ്ര സർക്കാരിനോടു ജിഎസ്ടിഎൻ ആവശ്യപ്പെട്ടതിനെ തുടർന്നാണു നടപടി. ഡിസംബറിലെ ജിഎസ്ടിആർ1 ഫോം ഫയൽ ചെയ്യാനുള്ള തീയതി 13 വരെയും ഒക്ടോബർ,ഡിസംബർ കാലയളവിലേത് (ക്യുആർഎംപി) 15 വരെയും നീട്ടി. ഡിസംബറിലെ ജിഎസ്ടിആർ3ബി റിട്ടേൺ 22 വരെയും ഒക്ടോബർ,ഡിസംബറിലേത് (ക്യുആർഎംപി) 24 വരെയും നീട്ടി. നെറ്റ്‌വർക്ക് കഴിഞ്ഞദിവസം മുതൽ സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

# റിപ്പബ്ലിക് ദിന പരേഡ്: പ്രത്യേക അതിഥികളായി 22 കേരളീയരും

**കൊച്ചി:** ഡൽഹിയിൽ ജനുവരി 26ന് നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിനു സാക്ഷ്യം വഹിക്കാൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ക്ഷണിക്കപ്പെട്ട 10,000 പ്രത്യേക അതിഥികളിൽ കേരളത്തിൽനിന്നുള്ള 22 പേരും. പാലക്കാട്ടുനിന്നുള്ള തോൽപ്പാവക്കൂത്ത് കലാകാരൻ രാമചന്ദ്ര പുലവർ, വയ്ക്കോൽകൊണ്ടു ചിത്രം രചിക്കുന്ന കൊല്ലത്തുനിന്നുള്ള ബി.രാധാകൃഷ്ണ പിള്ള, എറണാകുളത്തുനിന്നുള്ള പി.എ.ശശിധരൻ എന്നിവർക്ക് ഉൾപ്പെടെയാണു ക്ഷണം.



തിരഞ്ഞെടുത്ത വിഭാഗങ്ങളുടെ പട്ടികയിൽ പ്രധാനമന്ത്രി യശസ്വി പദ്ധതിയുടെ കീഴിൽ 13 പേർ, തുണിത്തരങ്ങൾ (കരകൗശലം) വിഭാഗത്തിൽ 3 വ്യക്തികൾ, വനിതാ ശിശു വികസന വിഭാഗത്തിൽ 6 പേർ എന്നിങ്ങനെയാണ് അതിഥികളുടെ പട്ടിക. റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്കു പുറമേ ഇവർക്കു ദേശീയ യുദ്ധസ്മാരകം, പിഎം സംഗ്രഹാലയ, ഡൽഹിയിലെ മറ്റു പ്രമുഖ സ്ഥലങ്ങൾ എന്നിവ സന്ദർശിക്കാനും മന്ത്രിമാരുമായി സംവദിക്കാനുള്ള അവസരവും ലഭിക്കും.

# യു എ ഇയിലെ മികച്ച ബിസിനസ് കൺസൾട്ടന്റായി മലയാളിയുടെ എമിറേറ്റ്സ് ഫസ്റ്റ്

**ഷാർജ:** ഷാർജ മീഡിയ സിറ്റി ഫ്രീ സോണിന്റെ 2024ൽ യു എ ഇയിലെ ഏറ്റവും മികച്ച ബിസിനസ് കൺസൾട്ടൻസിയായി മലയാളിയായ ജമാദ് ഉസ്മാൻ സി ഇ ഒ ആയ എമിറേറ്റ്സ് ഫസ്റ്റ് തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ബിസിനസ് ചെയ്ത ബിസിനസ് സെറ്റപ് കമ്പനിയായായാണ് എമിറേറ്റ്സ് ഫസ്റ്റ് തെരഞ്ഞെടുക്കപ്പെട്ടത്.




2025 വർഷത്തേക്കുള്ള ധാരണാപത്രവും ഒപ്പുവെച്ചു. ധാരണാപത്രത്തിൽ എമിറേറ്റ്സ് ഫസ്റ്റ് സി ഇ ഒ ജമാദ് ഉസ്മാനും ഷംസ് ഫ്രീസോൺ ഓപ്പറേഷൻസ് ഡയറക്ടർ റാഷിദ് സാഹുവും ഒപ്പുവെച്ചു. നാലായിരത്തി എണ്ണൂറ് ബിസിനസ് ലൈസൻസുകളാണ് എമിറേറ്റ്സ് ഫസ്റ്റ് കഴിഞ്ഞ വർഷം ലഭ്യമാക്കിയത്. ഈ വർഷം ഏഴായിരത്തോളം ലൈസൻസുകളാണ് എമിറേറ്റ്സ് ഫസ്റ്റ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 2025 ദിർഹം (നാൽപ്പതിനായിരത്തിലേറെ രൂപ) ഓഫറാണ് എമിറേറ്റ്സ് ഫസ്റ്റ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഷാർജയിലെ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് കമ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് റിപ്പോർട്ട് പ്രകാരം 2022ലെ 136.4 ബില്യൻ ദിർഹമോടെ 4.9 ശതമാനമായിരുന്ന വളർച്ചാ നിരക്ക് കഴിഞ്ഞ വർഷം ഏകദേശം 145.2 ബില്യൻ ദിർഹമിലെത്തി 6.5 ശതമാനം കടന്നു. ലൈസൻസ് ഫീസ് തവണകളായി അടക്കാനുള്ള സംവിധാനത്തോടൊപ്പം യു എ ഇയിൽ ഒരു ലോക്കൽ സ്പോൺസർ ഇല്ലാതെയും മറ്റ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും സ്വന്തമായി ഓഫിസ് സൗകര്യങ്ങൾ ഇല്ലാത്തവർക്കും സംരംഭങ്ങൾ ആരംഭിക്കാൻ എമിറേറ്റ്സ് ഫസ്റ്റ് സഹായിക്കും. ലൈസൻസ് എടുക്കുന്നവർക്ക് നൂറ് ശതമാനം ഉടമസ്ഥാവകാശത്തോട് കൂടി പരമാവധി വിസ ക്വാട്ട ലഭ്യമാക്കുന്നതാണ്. ജനറൽ ട്രേഡിംഗ്, ഇ കൊമേഴ്സ്, അഡ്വർടൈസിംഗ്, ഇവന്റ് മാനേജ്മെന്റ്, ഫുഡ്സ്റ്റഫ് ട്രേഡിംഗ് തുടങ്ങി 800ൽ അധികം മേഖലയുമായി ബന്ധപ്പെട്ട ലൈസൻസുകൾക്കാണ് എമിറേറ്റ്സ് ഫസ്റ്റ് സൗകര്യം ഒരുക്കുന്നത്. യു എ ഇക്ക് പുറമേ ലണ്ടൻ, യു എസ് എന്നിവിടങ്ങളിലും എമിറേറ്റ്സ് ഫസ്റ്റ് ഗ്രൂപ്പിന്റെ ഓഫിസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇന്ത്യയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ സേവനം ലഭ്യമാകാൻ 9633348181, 70347 77731 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.





# വിജ്ഞാനകേരളം: ഏകദിന പരിശീലനം സംഘടിപ്പിച്ചു

**കോട്ടയം:** കേരള നോളജ് ഇക്കോണമി മിഷൻ, കുടുംബശ്രീ ജില്ലാ മിഷൻ, കില എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിജ്ഞാന കേരളം ഏകദിന പരിശീലനം നടന്നു. ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിശീലന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു ഉദ്ഘാടനം ചെയ്തു. വിജ്ഞാനകേരളം ജനകീയ കാമ്പയിൻ ടി.എം. തോമസ് ഐസക്, കേരള നോളജ് ഇക്കണോമി മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല, കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ അഭിലാഷ് കെ. ദിവാകർ, ജില്ലാ പ്ലാനിങ് ഓഫീസർ എം.പി. അനിൽകുമാർ, കില ജില്ലാ ഫെസിലിറ്റേറ്റർ ബിന്ദു അജി, കേരള നോളജ് ഇക്കണോമി മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ കെ.ജി. പ്രീത എന്നിവർ പ്രസംഗിച്ചു.

ഡോ. ടി.എം. തോമസ് ഐസക്, കേരള നോളജ് ഇക്കണോമി മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല, അനൂപ് മർക്കോസ് മാണി (കെഡിസ്ക്), സിബി അക്ബർ അലി, അനൂപ് പ്രകാശ് (കേരള നോളജ് ഇക്കണോമി മിഷൻ), ടാലന്റ് ക്യുറേഷൻ എക്സിക്യൂട്ടീവ് ജിനു ജോർജ്ജ് എന്നിവർ ക്ലാസെടുത്തു.

ജോയിന്റ് ബി.ഡി.ഒ.മാർ, കില തീമാറ്റിക് എക്സ്പേർട്ട്സ്, കില ആർ.ജി.എസ്.എ. കോഓർഡിനേറ്റർമാർ, ബ്ലോക്ക് കോഓർഡിനേറ്റർമാർ, കുടുംബശ്രീ ഡി.ഡി.യു.ജി.കെ.വൈ. ബ്ലോക്ക് കോഓർഡിനേറ്റർമാർ, യുവജനക്ഷേമ ബോർഡ് കോഓർഡിനേറ്റർമാർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഇന്റേൺസ്, നഗരസഭകളിലെ കുടുംബശ്രീ സിറ്റി മിഷൻ മാനേജർമാർ, പെയ്ഡ് റിസോഴ്സ് പേഴ്സൺമാർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ബന്ധപ്പെട്ട നഗരസഭ ജീവനക്കാർ എന്നിവർക്കാണ് പരിശീലനം നൽകിയത്.

ആഗോളരംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് കേരളത്തിൽ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാനും കേരളത്തിലെ മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കാനുമായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് നോളജ് എക്കണോമി മിഷൻ. കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരുടെ ഇഷ്ടതൊഴിലിൽ അവർക്കുള്ള നൈപുണ്യം വർധിപ്പിച്ച് ആഗോള തൊഴിലിടങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുകയും അവസരമൊരുക്കുകയുമാണ് മിഷൻ ചെയ്യുന്നത്. ഇതിനായി ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യൂ.എം.എസ്.) എന്ന പേരിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം സജ്ജീകരിച്ചിട്ടുണ്ട്. ഡി.ഡബ്ല്യൂ.എം.എസ്. വഴി 2026നകം 20 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം.എസ്എസ്എൽസി, പ്ലസ് ടു, ഐടിഐ. ഡിപ്ലോമ, ഡിഗ്രി, പോസ്റ്റ് ഗ്രാജുവേഷൻ, എൻജിനീയറിങ്, നഴ്സിങ്, മാനേജ്മെന്റ് തുടങ്ങി എല്ലാ തൊഴിലന്വേഷകർക്കും തൊഴിൽമേളകളിലൂടെ തൊഴിലവസരം സാധ്യമാക്കിയിട്ടുണ്ട്.



# കുടുംബശ്രീ വേനൽ മധുരം' തണ്ണിമത്തൻ കൃഷിക്ക് തുടക്കം

**കോട്ടയം:** കുടുംബശ്രീ ജില്ലാ മിഷൻ നടപ്പാക്കുന്ന വേനൽ മധുരം തണ്ണിമത്തൻ കൃഷിക്ക് നീണ്ടൂർ പഞ്ചായത്തിലെ മേക്കാവ് കൃഷിയിടത്തിൽ തുടക്കമായി. സഹകരണതുറമുഖ ദേവസ്വം വകുപ്പുമന്ത്രി വി.എൻ. വാസവൻ തണ്ണീർമത്തൻ തൈ നട്ട് ഉദ്ഘാടനം ചെയ്തു. കാർഷിക മേഖലയിലും വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്ന കുടുംബശ്രീ രാജ്യത്തിനാകെ മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. ഏറ്റെടുത്തു നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ കുടുബശ്രീ മാതൃകാപരമായ പ്രവർത്തനമാണ് നടത്തുന്നത്. ജില്ലയിൽ 80 ഏക്കറിൽ തണ്ണിമത്തൻ കൃഷി ചെയ്യാനുള്ള തീരുമാനം വേനൽക്കാലത്ത് ജനങ്ങൾക്ക് ആശ്വാസമാകുമെന്നും മന്ത്രി പറഞ്ഞു. കൃഷിയിറക്കാനുള്ള തണ്ണിമത്തൻ തൈകൾ സി.ഡി.എസ്. അംഗങ്ങൾക്ക് മന്ത്രി കൈമാറി.

നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. പ്രദീപ് അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ അഭിലാഷ് കെ. ദിവാകർ പദ്ധതി വിശദീകരിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യ രാജൻ, നീണ്ടൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആലീസ് ജോസഫ്, വികസന കാര്യ സ്ഥിരംസമിതി അധ്യക്ഷൻ എം.കെ. ശശി, കൃഷി ഓഫീസർ ജോസ് കുര്യൻ, സി.ഡി.എസ്. ചെയർപേഴ്സൺ എൻ.ജെ. റോസമ്മ, കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ അനൂപ് ചന്ദ്രൻ, കെ.പി. ജോമേഷ് എന്നിവർ പ്രസംഗിച്ചു.

വേനൽക്കാലത്ത് ഗുണമേന്മയുള്ള വിഷരഹിത തണ്ണിമത്തൻ ലഭ്യമാക്കുന്നതിനും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനുമായാണ് 'വേനൽ മധുരം' പദ്ധതി ആവിഷ്കരിച്ചത്. ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 80 ഏക്കർ സ്ഥലത്താണ് ആദ്യഘട്ടത്തിൽ കൃഷി ചെയ്യുന്നത്. ഷുഗർ ബേബി, കിരൺ എന്നീ ഇനങ്ങളുടെ തൈകൾ ലഭ്യമാക്കി കൃഷി ഓഫീസർമാരുടെ സാങ്കേതിക പിന്തുണയോടെയാണ് കൃഷി നടത്തുന്നത്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിളവെടുപ്പ് നടത്താനാണ് ലക്ഷ്യമിടുന്നത്.

# കേരള വനം വികസന കോർപ്പറേഷൻ സുവർണ ജൂബിലി 24ന്

**കോട്ടയം:** സുവർണ ജൂബിലി നിറവിൽ. വനത്തിന്റെയും പ്രകൃതിയുടെയും സംരക്ഷണവും വികസനവും ലക്ഷ്യമിട്ട് 1975ലാണ് കോർപ്പറേഷൻ രൂപീകരിച്ചത്. ജനുവരി 24 മുതൽ അടുത്തവർഷം ജനുവരി 23 വരെ നീളുന്ന സുവർണ ജൂബിലി ആഘോഷങ്ങൾ ആറു ഡിവിഷനുകളിലായി വിപുലമായി നടത്തും. ജനുവരി 24നു രാവിലെ 10.30ന് കാരാപ്പുഴയിലെ കെ.എഫ്.ഡി.സി. മുഖ്യകാര്യാലയത്തിൽ സുവർണ ജൂബിലി ആഘോഷങ്ങൾ വനം വന്യജീവി വകുപ്പുമന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. സഹകരണദേവസ്വംതുറമുഖ വകുപ്പുമന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും.

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, എം.പി.മാരായ കെ. ഫ്രാൻസിസ് ജോർജ്ജ്, ജോസ് കെ. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., കെ.എഫ്.ഡി.സി. ചെയർപേഴ്സൺ ലതികാ സുഭാഷ്, വനംവന്യജീവി വകുപ്പ് അഡീഷണൽ ഡയറക്ടർ കെ.ആർ. ജ്യോതിലാൽ, വനം മേധാവി ഗംഗാ സിങ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, നഗരസഭാംഗം എൻ.എൻ. വിനോദ്, കെ.എഫ്.ഡി.സി. മാനേജിങ് ഡയറക്ടർ ജോർജി പി. മാത്തച്ചൻ, ഡയറക്ടർമാരായ കെ.എസ്. ജ്യോതി, പി.ആർ. ഗോപിനാഥൻ, അബ്ദുൾറസാഖ് മൗലവി, ആർ.എസ്. അരുൺ, അസിസ്റ്റന്റ് ജനറൽ മാനേജർ വി.എസ്. കിരൺജോസ് എന്നിവർ പ്രസംഗിക്കും.

# പ്രൈബെറ്റ് സ്റ്റുഡന്റ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു

**പത്തനംതിട്ട:** വിമുക്തഭടന്മാരുടെ മക്കൾക്ക് സൈനികക്ഷേമ വകുപ്പ് വഴി നൽകുന്ന 202425ലെ പ്രൈബെറ്റ് സ്റ്റുഡന്റ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ അംഗീകൃത വിദ്യാലയങ്ങൾ/യൂണിവേഴ്സിറ്റികൾ നടത്തുന്ന റെഗുലർ കോഴ്സുകൾക്ക് മാത്രമേ ഈ സ്കോളർഷിപ്പ് അനുവദനീയമുള്ളൂ. പത്താം തരം മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന കുട്ടികൾക്ക് അപേക്ഷിക്കാം.

മുൻ വർഷത്തെ പരീക്ഷയിൽ 50 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ള കുട്ടികൾക്ക് രക്ഷിതാക്കളുടെ വാർഷിക വരുമാനം 300000/ (മൂന്ന് ലക്ഷം) രൂപയിൽ താഴെയാണെങ്കിൽ സ്കോളർഷിപ്പിന് അപേക്ഷിക്കാം. www.sainikwelfarekerala.org വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന മലയാളത്തിലുള്ള അപേക്ഷ ഫോമിൽ രണ്ടുരൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കാം.

പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ജനുവരി 25ന് മുമ്പ് ജില്ലാ സൈനികക്ഷേമ ഓഫീസിൽ സമർപ്പിക്കണം. ഫോൺ: 04682961104.



# ജൈവമാലിന്യസംസ്കരണം: വീടുകൾ കേന്ദ്രീകരിച്ചുള്ള സർവേക്ക് തുടക്കം

**പത്തനംതിട്ട:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കർമസേനയുമായി സംയോജിച്ച് ജൈവ മാലിന്യ സംസ്ക്കരണം വീടുകളിൽ ഉറപ്പാക്കുന്നതിനുള്ള സർവേക്ക് തുടക്കമായി. ജനുവരി 12 വരെ തുടരും. ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വന്തം വീട്ടിൽ നിർവഹിച്ചു. അടൂർ നഗരസഭ ചെയർപേഴ്സൺ ദിവ്യ റെജി മുഹമ്മദ് അധ്യക്ഷയായി.

ജൈവമാലിന്യ സംസ്കരണത്തിന് വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ഉറവിട ജൈവമാലിന്യ സംസ്ക്കരണ ഉപാധികൾ സംബന്ധിച്ച വിവരം ഹരിതമിത്രം ആപ്ലിക്കേഷൻ മുഖേന ശേഖരിക്കും. ജില്ലാ തലത്തിൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഐ കെ എം, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ എന്നീ ഏജൻസികളുടെ ജില്ലാതല ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ടീമുണ്ടാകും.


# അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** ജില്ലാ പഞ്ചായത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി കുറവിലങ്ങാട് ഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കുന്ന കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതിക്ക് ക്ഷീര കർഷകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ക്ഷീര കർഷകർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറം കുറവിലങ്ങാട് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ക്ഷീരസംഘങ്ങളിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ജനുവരി 16 നകം സംഘങ്ങളിൽ നൽകണം. വിശദവിവരത്തിന് ഫോൺ: 04829243878.



# വിദ്യാഭ്യാസനയം അടയാളപ്പെടുത്തുന്നത് പുരോഗതി: മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട:** സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയം നാടിന്റെ പുരോഗതിക്കുകൂടിയാണ് വഴിയൊരുക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കടമ്മനിട്ട സർക്കാർ ഹയർസെക്കന്ററി വിദ്യാലയം ശതാബ്ദി ഘോഷയാത്രയോട് അനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഒരു നാടിനെ രൂപപ്പെടുത്തിയ വിദ്യാലയമാണിത്; സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പുരോഗതിയിലും പങ്ക്വഹിച്ചു. വിദ്യാലയം സ്ഥാപിച്ച കാവുങ്കോട് ഗോവിന്ദക്കുറുപ്പിന്റെയും പുത്തൻപുരയ്ക്കൽ വർഗീസ് കത്തനാരുടെയും സേവനം എന്നും ഓർക്കാം. ഇവരുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് സ്കൂൾ എന്നും മന്ത്രി പറഞ്ഞു. കാവുങ്കോട് ഗോവിന്ദക്കുറുപ്പ്, പുത്തൻപുരയ്ക്കൽ വർഗീസ് കത്തനാർ തുടങ്ങി സ്കൂളിനായി പ്രവർത്തിച്ചവർക്കുള്ള മരണാനന്തര ശതാബ്ദി പുരസ്കാരവും വിതരണം ചെയ്തു. നാരങ്ങാനം പഞ്ചായത്ത് പ്രസിഡന്റ് മിനി സോമരാജൻ അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് അംഗം ജോർജ് ഏബ്രാഹം, സ്വാഗത സംഘം ചെയർമാൻ വി കെ പുരുഷോത്തമൻ പിള്ള, കേരള ഫോക്ലോർ അക്കാദമി അംഗം സുരേഷ് സോമ, പ്രിൻസിപൽ പി.വി.ഗീതകുമാരി, ജനപ്രതിനിധികൾ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.



# സന്നിധാനത്ത് സുരക്ഷയൊരുക്കാൻ 245 അത്യാധുനിക ക്യാമറകൾ

**ശബരിമല:** സന്നിധാനത്ത് സുരക്ഷയൊരുക്കാൻ ദേവസ്വം വിജിലൻസിന് 245 അത്യാധുനിക ക്യാമറകൾ ഉള്ള കൺട്രോൾ റൂമിന്റെ ഉദ്ഘാടനം ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത് നിർവഹിച്ചു.മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള നിരീക്ഷണ സംവിധാനം ശക്തമാക്കാനാണ് ഇത്രയും ക്യാമറകൾ സ്ഥാപിച്ചത്. പൊലീസ് ഒരുക്കിയിട്ടുള്ള സിസിടിവി ക്യാമറകൾക്കും കൺട്രോൾ റൂമിനും പുറമേയാണിത്.

സന്നിധാനത്ത് ഓരോ മേഖലകളിലേയും തീർഥാടകരുടെ ക്യൂ, അതതു മേഖലകളിലെ ആവശ്യകത കൺട്രോൾ റൂമിൽ ഇരുന്നു ദേവസ്വം വിജിലൻസിനു മനസിലാക്കി ആവശ്യമായ ഇടപെടലുകൾ നടത്താനും കഴിയുന്ന വിധത്തിലാണ് ക്യാമറ സംവിധാനം ഒരുക്കിയത്. മരാമത്ത് കോംപ്ലക്സിലാണ് ഇത് പ്രവർത്തിക്കുക.

ദേവസ്വം ബോർഡ് അംഗം എ അജികുമാർ, ശബരിമല എഡിഎം ഡോ അരുൺ .എസ്. നായർ, ശബരിമല മേൽശാന്തി അരുൺകുമാർ നമ്പൂതിരി, സ്പെഷൽ കമ്മിഷണർ ജയകൃഷ്ണൻ, ദേവസ്വം വിജിലൻസ് എസ്.പി സുനിൽകുമാർ, സന്നിധാനം പൊലീസ് സ്പെഷൽ ഓഫിസർ വി. അജിത്ത്, ശബരിമല എക്സിക്യൂട്ടീവ് ഓഫിസർ ബി.മുരാരി ബാബു എന്നിവർ പങ്കെടുത്തു.

# മാഗ്നെറ്റിക് നെയ്ത്ത് യന്ത്രം വികസിപ്പിച്ച് കെഎസ്സിഎംഎംസി



**ആലപ്പുഴ:** കയർ ഭൂവസ്ത്രം, മൂല്യവർധിത കയർ ഉൽപന്നങ്ങൾ തുടങ്ങിയവ നിർമിക്കാൻ ചെലവ് കുറഞ്ഞതും, ഉൽപാദനക്ഷമത കൂടിയതും ആയ മാഗ്നെറ്റിക് നെയ്ത്ത് യന്ത്രം സംസ്ഥാന സർക്കാരിന്റെ കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനിയിൽ (കെഎസ്സിഎംഎംസി) വികസിപ്പിച്ചു. ഉൽപന്നങ്ങൾ നിർമിക്കുമ്പോൾ കയർ ഓടിക്കാൻ ഉപയോഗിക്കുന്ന തടി കൊണ്ടുള്ള ഓടം എന്ന പരമ്പരാഗത ഉപകരണം സ്റ്റീൽ ഓടം ആയി മാറ്റി, അതിൽ കാന്തം പിടിപ്പിച്ച്, മെക്കാനിക്, ഇലക്ട്രോണിക് സംവിധാനങ്ങളോടെ നവീകരിച്ചതാണ് പുതിയ മാഗ്നെറ്റിക് നെയ്ത്ത് മെഷീൻ. മൂന്നു മെഷീനുകളുടെ നിർമാണം പൂർത്തിയായി.

നിലവിലുള്ള ഓട്ടമാറ്റിക് നെയ്ത്ത് മെഷീനിൽ ഒരു ദിവസം പരമാവധി 100 ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം നിർമിക്കാം. ഈ മെഷീന് 27 ലക്ഷത്തിലേറെ രൂപ വില നൽകണം. പുതിയ മെഷീന് എട്ട് ലക്ഷം രൂപ മതിയാകും. ഇതിൽ വിവിധ അളവിലുള്ള ഭൂവസ്ത്രം ഒരു ദിവസം 300 ചതുരശ്ര മീറ്റർ നിർമിക്കാം. വൈദ്യുതി ചെലവ് കുറയും. ഉയർന്ന ഉൽപാദനക്ഷമതയും, ശബ്ദമലിനീകരണം ഇല്ലാത്തതും മെഷീന്റെ പ്രത്യേകതയാണ്. മെഷീൻ ഒരു സ്ത്രീ തൊഴിലാളിക്ക് മാത്രമായി പ്രവർത്തിപ്പിക്കുകയും ചെയ്യാം. നിർമാണം പൂർത്തിയായ മൂന്നു മെഷീനുകൾ ആലപ്പുഴ, തൃശൂർ കയർ പദ്ധതികൾക്ക് നൽകാൻ സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്ന് കെഎസ്സിഎംഎംസി ചെയർമാൻ എം.എച്ച്. റഷീദും, മാനേജിങ് ഡയറക്ടർ എം.കെ.ശശികുമാറും പറഞ്ഞു.

കയർ മേഖലയിലെ യന്ത്രവൽക്കരണത്തിനായി 2014ൽ സ്ഥാപിച്ച കെഎസ്സിഎംഎംസിയിൽ നിർമിച്ച മെഷീനുകൾ നിലവിൽ മഹാരാഷ്ട്ര, ലക്ഷദ്വീപ്, അഹമ്മദാബാദ്, ഒഡീഷ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കയറ്റുമതിയുടെ ഭാഗമായി വടക്കേ അമേരിക്കയിലെ വെനസ്വേലയിലേക്ക് മെഷീനുകൾ നൽകാനുള്ള കരാറും കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. മാലിന്യ ശേഖരിക്കുന്ന കുടുംബശ്രീ പ്രവർത്തകർക്കുവേണ്ടി ഇലക്ട്രോണിക് വീൽ വാഹനവും കമ്പനി രൂപകൽപന ചെയ്തിട്ടുള്ളതായി മാനേജിങ് ഡയറക്ടർ ശശികുമാർ പറഞ്ഞു.





ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം എഒഐകോൺ 2025 കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ എറണാകുളം ലെ മെറീഡിയനിൽ ഉദ്ഘാടനം ചെയ്യുന്നു. ഡോ.യോഗേഷ് ധബോൽക്കർ, ഡോ.ശങ്കർ ബി. മെഡിക്കേരി, ഡോ. കൗശൽ സേത്ത്, ഡോ. ജേക്കബ് എബ്രഹാം, ഡോ.പ്രവീൺ ഗോപിനാഥ്, ഡോ.മുഹമ്മദ് നൗഷാദ്, ഡോ. മാത്യു ഡൊമിനിക്, ഡോ.ദൈയ്പൻ മുഖർജി, ഡോ. കെ. ജി സജു, ഡോ. ശങ്കർ മഹാദേവൻ, ഡോ. അമൽ ജോൺ സമീപം

## എഒഐകോൺ 2025 ഉദ്ഘാടനം ചെയ്തു

# വൈദ്യശാസ്ത്ര മേഖല അതിവേഗം പുരോഗതിയിലേക്ക് കുതിക്കുന്നു: ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ

**കൊച്ചി:** വൈദ്യശാസ്ത്ര മേഖല അനുദിനം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ പറഞ്ഞു. ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം എഒഐകോൺ 2025 എറണാകുളം ലെ മെറീഡിയനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വൈദ്യശാസ്ത്രമേഖലയിൽ അനുദിനം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഡോക്ടർമാർക്കും നിരന്തരമായ പഠനം ആവശ്യമാണ്. എന്തെല്ലാം പ്രതിസന്ധികൾ വന്നാലും മാനുഷിക മൂല്യങ്ങൾ ഡോക്ടർമാർ നഷ്ടപ്പെടുത്തരുതെന്നും ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ പറഞ്ഞു.

AOICON 2025
KOCHI
76th Annual Conference Of
The Association of Otolaryngologists
of India

എഒഐ ദേശീയ പ്രസിഡന്റ് ഡോ.ശങ്കർ ബി മെഡിക്കേരി അധ്യക്ഷത വഹിച്ചു. മുതിർന്ന ഡോക്ടർമാരായ ഡോ. അച്ചൽ ഗുലാട്ടി, ഡോ. ജയകുമാർ മേനോൻ, ഡോ. എ. എം സഹാ, ഡോ.അനിൽ പട്ടേൽ എന്നിവരെ ചടങ്ങിൽ ലൈഫ് ടൈം അച്ചീവ്മന്റ് പുരസ്കാരം നൽകി ആദരിച്ചു.

വിദേശ പ്രതിനിതികളായ ഡോ. റിച്ചാർഡ് ഹാർവെ, ഡോ.തോമസ് ലെനാറസ്, ഡോ.നിർമ്മൽ കുമാർ, ഡോ.അമൽ ഇസയ്യ എന്നിവരെ എഒഐയുടെ ഓണററി അംഗത്വം നൽകി. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ് എബ്രഹാം മുഖ്യ അതിഥിയായിരുന്നു.

ഐഒഎകോൺ 2025 സോവനീർ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. എഒഎയുടെ പുതിയ ദേശീയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ.ദബൈയ്പൻ മുഖർജിയുടെ സ്ഥാനാരോഹണവും ചടങ്ങിൽ നടന്നു. ഐഒഐ ദേശിയ സെക്രട്ടറി ഡോ. കൗശൽ സേത്ത്, ട്രഷറർ ഡോ.യോഗേഷ് ധബോൽക്കർ, എഒഐകോൺ 2025 ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ. മാത്യു ഡൊമിനിക്, കോചെയർമാൻ ഡോ. മുഹമ്മദ് നൗഷാദ്, സെക്രട്ടറി ഡോ. പ്രവീൺ ഗോപിനാഥ്, ട്രഷറർ ഡോ. കെ. ജി സജു, എഒഐ സംസ്ഥാന പ്രസിഡന്റ് ഡോ. ശങ്കർ മഹാദേവൻ, സെക്രട്ടറി ഡോ. അമൽ ജോൺ തുടങ്ങിയവർ സംസാരിച്ചു.



ഷെഫ് സതീഷ് റെഡ്ഡി, എക്സിക്യൂട്ടീവ് ഷെഫ്, ലെ മെറീഡീയൻ

# ഭക്ഷണം തയ്യാറാക്കുന്നത് 140 അംഗ വിദഗ്ധ പാചക സംഘം

**കൊച്ചി:** ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനമായ എഒഐകോൺ2025 ൽ പങ്കെടുക്കാൻ എത്തുന്ന പ്രതിനിധികൾക്ക് ഭക്ഷണം പാകാൻ ചെയ്യുന്നത് ലെ മെറീഡീയനിലെ എക്സിക്യൂട്ടീവ് ഷെഫ് സതീഷ് റെഡ്ഡിയുടെ നേതൃത്വത്തിൽ ഷെഫ് നവീൻ ഉൾപ്പെടെ 140 അംഗ ഷെഫുമാരുടെ സംഘം. നാലു ദിവസം നീണ്ടു നിൽക്കുന്ന സമ്മേളനത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരെക്കൂടെതെ അമേരിക്ക, ജർമ്മനി,. ഓസ്ട്രേലിയ, റക്ഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ സമ്മേളനത്തിനായി എത്തിയിട്ടുണ്ട്. വ്യത്യസ്തമായ വിഭവങ്ങളാണ് സമ്മേളന പ്രതിനിധികൾക്കായി ഒരോദിവസവും മൂന്നു നേരം തയ്യാറാക്കുന്നത്. നോൺവെജ്, വെജിറ്റേറിയൻ, ജെയിൻ ഫുഡ് എന്നീങ്ങനെ ദിവസവും 3000ലധികം പേർക്കാണ് ഭക്ഷണം തയ്യാറാക്കുന്നത്. വിദേശ രാജ്യങ്ങൾ, നോർത്ത് ഇന്ത്യ,സൗത്ത് ഇന്ത്യ എന്നിവടങ്ങളിൽ നിന്നും പ്രതിനിധികൾ ഉള്ളതിനാൽ അവരുടെ ഇഷ്ടങ്ങളും രീതികളും കൂടി പരിഗണിച്ച് കേരള സ്റ്റൈൽ, നോർത്ത് ഇൻഡ്യ, സൗത്ത് ഇൻഡ്യ ശൈലികളിലാണ് വ്യത്യസ്ത രുചിക്കൂട്ടിൽ ദിവസവും ഭക്ഷണം പാകം ചെയ്യുന്നത്. തലശേരി ചിക്കൻ ബിരിയാണി, ട്രാവൻകൂർ ഫിഷ്കറി, കുമരകം ഫിഷ്കറി, മൽവാനി ഫിഷ്കറി, ധനിയാ വാല മൂർഗ്, ഭുനാമൂർഗ്, ലഖനൗവി ഗോഷ്, ദാൽ മഖാനി, പനീർ ജാൽഫ്രെസി, പനീർ കുർച്ചൻ, ആലൂ റസീല, വിവിധ തരം സലാഡുകൾ, വിവിധ മധുരപലഹാരങ്ങൾ എന്നിങ്ങനെ വിഭവങ്ങളുടെ നീണ്ട നിരയാണ് ഒരുക്കുന്നത്. പ്രാതലിന് കേരള ശൈലിയിലുള്ള ഭക്ഷണം കൂടാതെ ഉത്തരേന്ത്യൻ ശൈലിയിലും വെസ്റ്റേൺ ശൈലിയിലുമുള്ള വിഭവങ്ങളാണ് തയ്യാറാക്കുന്നത്. 400 പേർക്കാണ് സമ്മേളന ദിവസങ്ങളിൽ പ്രാതൽ ഒരുക്കുന്നത്.1500 ഓളം പേർക്ക് ഉച്ചഭക്ഷണവും 2000ത്തോളം പേർക്ക് രാത്രി ഭക്ഷണവും തയ്യാറാക്കുന്നു.ഏകദേശം 1500 കിലോ ചിക്കൻ, 700 കിലോ മട്ടൺ, 1500 കിലോ മീൻ എന്നിങ്ങനെയാണ് സമ്മേളനത്തിന്റെ പാചകത്തിനായി വേണ്ടി വരുന്നതെന്ന് ഹോട്ടൽ അധികൃതർ വ്യക്തമാക്കി.

# ഭക്ഷണത്തിനും ഗതാഗതത്തിനും 'ആപ്പ്'

**കൊച്ചി;** നാലു ദിവസമായി എറണാകുളം ലേ മെറീഡിയനിൽ നടക്കുന്ന ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനം ' എഒഐകോൺ 2025 ൽ പങ്കെടുക്കാൻ എത്തുന്ന പ്രതിനിധികൾക്ക് ഇഷ്ടഭക്ഷണം കഴിക്കാനും സംഘാടകർ സജ്ജമാക്കിയിരിക്കുന്ന ആപ്പ് പ്രതിനിധികളെ സഹായിക്കും.

തനിക്ക് എന്തു തരം ഭക്ഷണമാണ് വേണ്ടത് എന്നതടക്കമുള്ള വിവരങ്ങൾ ആപ്പു വഴി അറിയിക്കാൻ പ്രതിനിധികൾക്ക് സാധിക്കും. അതനുസരിച്ചുള്ള ഭക്ഷണം സംഘാടകർക്ക് ഒരുക്കാൻ സാധിക്കും. ചിലർക്ക് വെജിറ്റേറിയൻ ഭക്ഷണമാണെങ്കിൽ മറ്റു ചിലർക്ക് നോൺ വെജ് ഭക്ഷണമായിരിക്കും ഇഷ്ടം. മറ്റു ചിലർക്ക് ജെയിൻ ഫുഡ് ആയിരിക്കും താൽപ്പര്യം ഇത്തരത്തിൽ ഏതു തരത്തിലുള്ള ഭക്ഷണമാണെങ്കിലും ആപ്പിലുള്ള ഓപ്ഷൻ ഉപയോഗിച്ച് അറിയിക്കാൻ സാധിക്കും.

ചിലർക്ക് ചില ഭക്ഷണം അലർജിയുണ്ടാക്കും ഏതു തരം ഭക്ഷണമാണ് തനിക്ക് അലർജ്ജിയുണ്ടാക്കുന്നതെന്ന് പ്രതിനിധികൾക്ക് ആപ്പിൽ രേഖപ്പെടുത്താൻ സാധിക്കും. വടക്കേ ഇന്ത്യയിൽ നിന്നും തെക്കേ ഇന്ത്യയിൽ നിന്നും ധാരാളം പ്രതിനിധികൾ സമ്മേളനത്തിനായി എത്തുന്നുണ്ട്.ഇവരുടെ ഭക്ഷണ സംസ്ക്കാരവും വ്യത്യസ്തമായിരിക്കും.



ഇത് അറിഞ്ഞ് ഭക്ഷണം തയ്യാറാക്കാൻ സംഘാടകരെയും ഏറെ സഹായിക്കും. ഒരു നേരം എത്രപേർ ഭക്ഷണം കഴിക്കാൻ ഉണ്ടാകും,വെജിറ്റേറിയൻ കഴിക്കുന്നത് എത്ര പേർ, നോൺ വെജിറ്റേറിയൻ കഴിക്കുന്നത് എത്ര പേർ എന്നിങ്ങനെ കൃത്യമായ കണക്ക് ലഭിക്കുന്നത് വഴി ഭക്ഷണം പാഴായി പോകുന്നത് ഒഴിവാക്കാനും ആപ്പു വഴി സാധിക്കും.

പാർക്കിംഗിനാണ് ആപ്പ് ഏറെ ഉപകാരപ്രദമാകുന്നത്. നാലായിരത്തിലധികം പ്രതിനിധികളെ വാഹനങ്ങളിൽ എത്തിക്കുമ്പോൾ സാധാരണ ഗതിയിൽ വലിയ ഗതാഗത കുരുക്കായിരിക്കും സംഭവിക്കുക.

എന്നാൽ ഇതിനുള്ള കൃത്യമായ പരിഹാരമാണ് ആപ്പിൽ സജ്ജീകരിച്ചിരിക്കുന്നത്. സമ്മേളന ദിവസങ്ങളിൽ പ്രതിനിധികൾക്കുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി മരട് നഗരസഭയുടെ നേതൃത്വത്തിൽ പ്രദേശത്തെ ഒഴിഞ്ഞ സ്ഥലങ്ങളിൽ വാഹന പാർക്കിംഗിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

ഒരോ പ്രതിനിധിക്കും ആപ്പു വഴി അവർക്കുള്ള വാഹനം എപ്പോൾ എവിടെയെത്തും, എവിടെ ഇറങ്ങണം. എവിടെ പാർക്ക് ചെയ്യണം എന്നതടക്കമുള്ള വിവരം ലഭിക്കും.

സമ്മേളന വേദിക്ക് സമീപത്തായി പലയിടങ്ങളിലാണ് പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിരിക്കുന്നത്. ഒരോ പ്രതിനിധിയുടെയും വാഹനം എവിടെയാണ് പാർക്ക് ചെയ്യേണ്ടതെന്ന വിവരം ആപ്പു വഴി കൃത്യമായി ലഭിക്കും. ഇവിടെ നിന്നും കൊച്ചി മെട്രോ റെയിലിന്റെ ഇഓട്ടോ സംവിധാനം വഴി സമ്മേളന വേദിയിൽ എത്തിക്കും.



ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനമായ എഒഐകോൺ2025 ൽ ഗവേഷണത്തിന്ഏർപ്പെടുത്തിയ ആർ എ എസ് കൂപ്പർ റിസർച്ച് അവാർഡ് നേടിയ ഡോ.ആര്യശ്രീ പ്രബന്ധം അവതരിപ്പിച്ച് സംസാരിക്കുന്നു



ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനമായ എഒഐകോൺ2025 ൽ ആദ്യ ദിവസം നടന്ന സെഷനിൽ ഓസ്ട്രേലിയയിൽ നിന്നെത്തിയ ഡോ. റിച്ചാർഡ് ഹാർവേ സംസാരിക്കുന്നു

# നവജാത ശിശുക്കളിൽ കേൾവി പരിശോധന നടത്തണം: എഒഐകോൺ2025

**കൊച്ചി:** എല്ലാ നവജാത ശിശുക്കളെയും അവർ ജനിച്ച് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആകുന്നതിന് മുമ്പു തന്നെ നിർബന്ധമായും കേൾവി പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനമായ എഒഐകോൺ 25 ൽ ആദ്യ ദിവസം നടന്ന പ്രഭാഷണങ്ങളിൽ പങ്കെടുത്ത ഇഎൻടി വിദഗ്ദർ ആവശ്യപ്പെട്ടു.

കുട്ടികൾ ജനിക്കുമ്പോൾ തന്നെ കേൾവിക്കുറവ് കണ്ടെത്താൻ കഴിയുന്ന സംവിധാനം ഇന്ന് നിലവിലുണ്ട്. കുട്ടി ജനിച്ച് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആകുന്നതിനു മുമ്പു തന്നെ എല്ലാ നവജാത ശിശുക്കളിലും കേൾവി പരിശോധന നിർബന്ധമായും നടത്തിയിരിക്കണം. ഒ.എ.ഇ പരിശോധനയാണ് ഇതിനായി ഉപയോഗിക്കുന്നത് . രണ്ടു തരത്തിലുള്ള പരിശോധനഫലമാണ് വരാൻ സാധ്യത. ഒന്നു നല്ല കേൾവി ശക്തിയുണ്ടെന്ന് വ്യക്തമാക്കുന്ന പാസ് എന്ന ഫലവും പിന്നെയുള്ളത് റഫർ എന്നതും ആണ്. റഫർ എന്നതിന് കേൾവിയില്ല എന്നർഥമില്ല. കാരണം പല കുട്ടികളിലും ഞരമ്പ് വികസിച്ച് വരാൻ താമസമുണ്ടാകും. ഇത്തരം ഫലം വരുന്ന കുട്ടികളെ മൂന്നു മാസത്തിനുള്ളിൽ തന്നെ വീണ്ടും പരിശോധന നടത്തി രണ്ടു ചെവിയിലും കേൾവിശക്തിയുണ്ടെന്ന് ഒറപ്പു വരുത്തണം. മൂന്നുമാസം കഴിഞ്ഞിട്ടും പരിശോധനയിൽ റഫർ എന്ന ഫലമാണ് വരുന്നതെങ്കിൽ തുടർന്ന് ബേറാ പരിശോധനയും നടത്തി കേൾവി തകരാർ സ്ഥിരീകരിച്ചാൽ കോക്ലിയർ ഇംപ്ലാന്റേഷൻ എന്ന നൂതനമായ ശസ്ത്രക്രിയ വഴി ഇത്തരം കുട്ടികൾക്ക് കേൾവി തിരിച്ചുകിട്ടും.

AOICON 2025
KOCHI
76th Annual Conference Of
The Association of Otolaryngologists of India

സാമ്പത്തിക ശേഷി കുറഞ്ഞവർക്ക് സംസ്ഥാന സർക്കാരിന്റെ ശ്രുതി തരംഗം വഴി ശസ്ത്രിക്രിയയ്ക്കുള്ള സൗകര്യം ലഭ്യമാണ്. മുതിർന്ന വരിൽ പലപ്പോഴും ഇത്തരത്തിൽ കേൾവിക്കുറവ് പരിഹരിക്കുന്നതിനുള്ള ശസ്ത്രക്രിയയ്ക്ക് സ്വന്തമായി തന്നെ പണം കണ്ടെത്തേണ്ടി വരും. ജന്മനായുള്ള രോഗങ്ങൾക്ക് ഇൻഷുറൻസ് കവറേജ് പലപ്പോഴും ലഭിക്കാത്തതിനാൽ സാമ്പത്തിക ബുദ്ധിമുട്ടു നേരിടുന്നവർ ഇത്തരത്തിലുള്ള ശസ്ത്രക്രിയകൾക്ക് തയ്യാറാകാറില്ല ഇത്തരം സാഹചര്യം കണക്കിലെടുത്ത് മുതിർന്നവരുടെ കേൾവിക്കുറവ് പരിഹരിക്കാനുള്ള ശസ്ത്രക്രിയകൾ സൗജന്യമായി ചെയ്തു നൽകുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്നും ഇഎൻടി വിദഗ്ദർ ആവശ്യപ്പെട്ടു.

ചിലർക്ക് തലച്ചോറിന്റെ അകത്തുള്ള ഞരമ്പിൽ മുഴകൾ ഉണ്ടാകാം ഇത് ഞരമ്പുകളെ പ്രവർത്തന രഹിതമാക്കാൻ സാധ്യതയുണ്ട് ഇത്തരം രോഗികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സാധ്യമല്ല. ഓഡിറ്ററി ബ്രെയിൻസ്റ്റെം ഇപ്ലാന്റേഷൻ എന്ന ശസ്ത്രകിയയിലൂടെ അവർക്ക് കേൾവി പുനസ്ഥാപിക്കാൻ സാധിക്കും. വളരെ ചിലവേറിയ ആ ചികിൽസ ഇന്ത്യയിൽ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമാണ് ഇപ്പോൾ ലഭ്യമാകുന്നത്.ഇത്തരം ചികിൽസയും സാധാരണക്കാർക്ക് പ്രാപ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.ഡോ. രവി രാമലിംഗം (ചെന്നൈ), ഡോ. മേഘനാഥ് (ഹൈദരാബാദ്), ഡോ. ബ്രജേന്ദ്ര ബസർ,(ഇൻഡോർ),ഡോ. പവൻ സിംഗാൾ, ഡോ. ഹേതൽ പട്ടേൽ തുടങ്ങിയർ ആദ്യ ദിനത്തിൽ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

ഇഎൻടി മേഖലയിൽ ഗവേഷണത്തിന്ഏർപ്പെടുത്തിയ ആർ എ എസ് കൂപ്പർ റിസർച്ച് അവാർഡിന് മലയാളിയായ ഡോ.ആര്യശ്രീയും ഗണനാഥൻ ഗോവിന്ദ സ്വാമി റിസർച്ച് അവാർഡിന് ഡോ. ഐശ്വര്യയും അർഹരായി.

പിജി പേപ്പർ അവാർഡ്, സീനിയർ കൺസൾട്ടന്റ് അവാർഡ്, ജൂനിയർ കൺസൽട്ടന്റ് അവാർഡ് എന്നവയ്ക്കാള്ള മൽസരങ്ങൾ നടന്നു വരികയാണ്. ഇതിലെ വിജയികളെ 12 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രഖ്യാപിക്കും.

# പ്രതിനിധികളുടെ കുടുംബങ്ങൾക്ക് 'ഫൺ കി ബാത്ത്'

**കൊച്ചി:** നാലുദിവസങ്ങളിലായി നടക്കുന്നഎഒഐകോൺ 2025 സമ്മേളനത്തിൽ പങ്കെടുക്കാൻ ഉത്തരേന്ത്യയിൽ നിന്നും ദക്ഷിണേന്ത്യയിൽ നിന്നും പ്രതിനിധികളായ ഡോക്ടർമാർ എത്തിയിരിക്കുന്നത് കുടുംബ സമേതമാണ്. ഡോക്ടർമാർ സമ്മേളനത്തിൽ പങ്കെടുക്കുമ്പോൾ അവരുടെ കുട്ടികളും ഭാര്യമാരും ബോറടിച്ച് മുറികളിൽ ഇരിക്കുന്നതിനു പകരം ഒഴുവു സമയം ആനന്ദകരമായി മാറ്റുന്നതിനും ഇഷ്ടമുള്ള വിനോദങ്ങളിൽ ഏർപ്പെടുന്നതിനുമായി ' ഫൺ കി ബാത്ത് ' എന്ന പേരിൽ പ്രത്യേക ഇടം തന്നെയാണ് സമ്മേളന വേദിയായ ലെ മെറീഡിയനിൽ സംഘാടകർ ഒരുക്കിയിരിക്കുന്നത്. മൈലാഞ്ചി ഇടൽ, മാജിക് ഷോ, വസ്ത്രങ്ങളുടെ സ്റ്റാളുകൾ, കുടുംബശ്രീ സ്റ്റാളുകൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള സംവിധാനങ്ങളാണ് സംഘാടകർ ഇവിടെ സജ്ജമാക്കിയിരിക്കുന്നത്.കൂടാതെ വൈൽഡ് ലൈഫ് ഫോട്ടോ ഗ്രാഫി എക്സിബിഷനും ഇവിടെ ഒരുക്കിയിട്ടുണ്ട്. കാടിനെക്കുറിച്ചും കാട്ടുമൃഗങ്ങളെക്കുറിച്ചും കൂടുതൽ അറിയുന്നതിന് വൈൽഡ് ലൈഫ് ഫോട്ടോ ഗ്രാഫി സഹായിക്കും. വൈയ്ക്കം സ്വദേശിയായ ഷിബു എന്ന വൈൽഡ് ലൈഫ് ഫോട്ടോ ഗ്രാഫറുടെ ഫോട്ടോകളാണ് പ്രദർശിപ്പിക്കുന്നത്. ഏതെങ്കിലും ഫോട്ടോ ആവശ്യമെങ്കിൽ അത് വാങ്ങാനും സാധിക്കും.

AOICON 2025
KOCHI
76th Annual Conference Of
The Association of Otolaryngologists of India



# ഫോക്‌ലോർ ഫെസ്റ്റ് സമാപിച്ചു

**വൈപ്പിൻ:** വർണക്കുടകളുടെയും ചെണ്ടമേളത്തിന്റെയും വർണാകമ്പടിയോടെ അസ്തമയ സൂര്യന്റെ പശ്ചാത്തലത്തിൽ ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായ കുഴുപ്പിള്ളി ബീച്ച് ഫെസ്റ്റിന്റെ സമാപനത്തിന് തുടക്കം. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

ടൂറിസ്റ്റുകളെ ആകർഷിക്കാൻ ആഘോഷത്തിനു കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. ഏത് ജോലിയും ഫലപ്രദമായും സന്തോഷ പൂർണമായും നിർവ്വഹിക്കാൻ ഉതകുന്ന ഹാപ്പിനെസ് ഇൻഡെക്സ് വർധിപ്പിക്കാൻ ഫെസ്റ്റിനു കഴിയും. സ്വന്തമായ ആനന്ദം കണ്ടെത്താനും ഹാപ്പിനെസ് ഇൻഡെക്സ് വർധന സഹായിക്കുമെന്നും എംഎൽഎ പറഞ്ഞു.

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങ്, എഴുത്തുകാരൻ എം ടി വാസുദേവൻ നായർ, ഗായകൻ പി ജയചന്ദ്രൻ എന്നിവരുടെ വിയോഗത്തിൽ അനുശോചിച്ചു കൊണ്ടാണ് സമ്മേളനം ആരംഭിച്ചത്. കുഴുപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ എസ് നിബിൻ അധ്യക്ഷനായി.

ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ രാജേഷ് കെ രാമൻ, ബ്ലോക്ക് വൈസ് പ്രസിഡന്റ് കെ എ സാജിത്ത്, കുഴുപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സി കെ അനന്തകൃഷ്ണൻ, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിനി ജെയ്സൺ, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ എം പി രാധാകൃഷ്ണൻ, ഷൈബി ഗോപാലകൃഷ്ണൻ, എം എം പ്രമുഖൻ, മാരിടൈം ബോർഡ് അംഗം സുനിൽ ഹരീന്ദ്രൻ, സിഡിഎസ് ചെയർപേഴ്സൺ ലളിത രമേശൻ, വാർഡ് അംഗങ്ങളായ കെ എസ് ചന്ദ്രൻ, സംഘാടക സമിതി ഭാരവാഹികളായ വി പി ശശിധരൻ, പി ജെ അനിരുദ്ധൻ, ജെയ്സൺ ജോസഫ് എന്നിവർ, ഇന്ദ്രിയ സാൻഡ്സിന്റെ സെബി പോൾ, വാർഡ് അംഗം വിപിന അനീഷ് എന്നിവർ പ്രസംഗിച്ചു.

വാർഡ് അംഗങ്ങളായ ലിജി തദേവൂസ്, സവിത ആരോസ്, നിസരി സുഗേഷ്, ബീന ദേവസി, വർഷ ഹരീഷ് എന്നിവർ സന്നിഹിതരായി.

# ഉന്നതവിദ്യാഭ്യാസ മേഖലയുടെ പ്രസക്തി വർദ്ധിച്ചു: പ്രൊഫ. കെ. കെ. ഗീതാകുമാരി

**കൊച്ചി:** അന്താരാഷ്ട്ര തലത്തിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ പ്രസക്തി വർദ്ധിച്ചതായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു. കേരള സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന് മുന്നോടിയായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി മുഖ്യക്യാമ്പസിൽ സംഘടിപ്പിച്ച പ്രീകോൺക്ലേവ് ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നേട്ടങ്ങളും അതുല്യമായ പ്രത്യേകതകളും പ്രദർശിപ്പിക്കുന്ന ഉന്നതവിദ്യാഭ്യാസ കോൺക്ലേവിലൂടെ കൂടുതൽ സാധ്യതകൾ അന്താരാഷ്ട്ര തലത്തിൽ സർവ്വകലാശാലകൾക്ക് ലഭിക്കും. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്കൃത സർവ്വകലാശാലയ്ക്ക് ഒട്ടേറെ മുന്നേറ്റങ്ങൾ നടത്തുവാൻ ഈ ക്ലോൺക്ലേവിലൂടെ സാധിക്കും, പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു.



പ്രീ കോൺക്ലേവിനോടനുബന്ധിച്ച് നടത്തിയ സിമ്പോസിയത്തിൽ ഡോ. കെ. യമുന അധ്യക്ഷയായിരുന്നു. 'ഉന്നതവിദ്യാഭ്യാസവും വിജ്ഞാന സമൂഹവും : ഭാഷമാനവിക സാമൂഹ്യശാസ്ത്ര വിവക്ഷകൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സിമ്പോസിയത്തിൽ ഡോ. എ. കെ. രാമകൃഷ്ണൻ, സുനിൽ പി. ഇളയിടം, ഡോ. കവിത ബാലകൃഷ്ണൻ, അൻവർ അലി എൻ. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സിൻഡിക്കേറ്റ് അംഗം ഡോ. എം. സത്യൻ, ഡോ. ബിജു വിൻസന്റ്, അഹമ്മദ് കസ്ട്രോ എന്നിവർ പ്രസംഗിച്ചു. പ്രീകോൺക്ലേവിനോടനുബന്ധിച്ച് സംഘടിപ്പിച്ച എക്സിബിഷൻ സിൻഡിക്കേറ്റ് അംഗം ഡോ. ടി. മിനി ഉദ്ഘാടനം ചെയ്തു.

# ഹയർ എജ്യുക്കേഷൻ എക്സ്പോ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് സംഘടിപ്പിക്കുന്ന ദ്വിദിന അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായി 2025 ജനുവരി 13 മുതൽ 15 വരെ സർവകലാശാലയിൽ സംഘടിപ്പിക്കുന്ന ഹയർ എജ്യുക്കേഷൻ എക്സ്പോ ജനുവരി 13ന് രാവിലെ 11 മണിക്ക് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശാസ്ത്ര സാങ്കേതിക മേഖലകളിലെ നൂതന പരീക്ഷണങ്ങളും, ഗവേഷണഫലങ്ങളും അക്കാദമിക മികവുകളും അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളും പഠനങ്ങളും നേട്ടങ്ങളും പ്രദർശിപ്പിക്കപ്പെടുന്ന എക്സ്പോ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പ്രചോദനമാകും. കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, അന്താരാഷ്ട്ര പ്രസാധകർ, നൂതനസാങ്കേതികവിദ്യ വികസിപ്പിച്ചവർ, സാങ്കേതിക സംരംഭകർ, വ്യവസായകർ എന്നിവരുടേതുൾപ്പടെ മുപ്പതോളം സ്റ്റാളുകളാണ് എക്സ്പോയുടെ ഭാഗമാക്കുക.

ജനുവരി 13 മുതൽ 15 വരെ കുസാറ്റ് സെമിനാർ കോംപ്ലക്സിൽ നടക്കുന്ന എക്സിബിഷൻ ദ്വിദിന അന്താരാഷ്ട്ര കോൺക്ലെവിൻറെ ശ്രദ്ധാകേന്ദ്രമാകും.

സ്റ്റാളുകൾ സന്ദർശിക്കാനെത്തുന്ന പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി മെട്രോ കളമശ്ശേരി സ്റ്റേഷനിൽ നിന്നെ ഫീഡർ ബസ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.



# സീറോമലബാർ മിഷൻ ക്വസ്റ്റ് 2024 വിജയികളെ പ്രഖ്യാപിച്ചു

**കാക്കനാട്:** സീറോമലബാർ മിഷൻ ക്വസ്റ്റ് 2024 ആഗോളതലത്തിലുള്ള വിജയികളെ സഭാസിനഡിനിടെ പ്രഖ്യാപിച്ചു. വിദ്യാർത്ഥികളുടെ വിഭാഗത്തിൽ ഇടുക്കി രൂപതയിലെ ഇസബെല്ല ബിനു കൂടത്തിൽ ഒന്നാം സ്ഥാനവും, കോതമംഗലം രൂപതയിലെ അഗസ ബെന്നി രണ്ടാം സ്ഥാനവും, എറണാകുളംഅങ്കമാലി അതിരൂപതയിലെ ജെയിസ് ജോസഫ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മുതിർന്നവരുടെ വിഭാഗത്തിൽ കല്യാൺ രൂപതയിൽനിന്നുള്ള റോസിലി രാജൻ ഒന്നാം സ്ഥാനവും, കാഞ്ഞിരപ്പള്ളി രൂപതയിൽനിന്നുള്ള ടെസ്സി മാത്യു മുതുപ്ലാക്കൽ രണ്ടാം സ്ഥാനവും, മാണ്ഡ്യ രൂപതയിൽനിന്നുള്ള ബീന ജോൺ കളരിക്കൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കൂടുതൽ അംഗങ്ങളെ മത്സരത്തിൽ പങ്കെടുപ്പിച്ചതിനു കേരളത്തിൽനിന്ന് ഇടുക്കി രൂപതയും, കേരളത്തിനു പുറത്തുനിന്ന് ഉജ്ജയിൻ രൂപതയും പ്രോത്സാഹനസമ്മാനങ്ങൾ സ്വന്തമാക്കി. വിജയികൾക്കുള്ള സമ്മാനത്തുകയും പ്രശസ്തി പത്രവും അതാതു രൂപതകളിലെ മെത്രാന്മാർ സിനഡുസമ്മേളനത്തിനിടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിലിൽ പിതാവിൽനിന്ന് ഏറ്റുവാങ്ങി.

സീറോമലബാർസഭയുടെ ആഗോളതലത്തിൽ വ്യാപിച്ചുകിടക്കുന്ന 35 രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലേയും ഗൾഫ് മേഖലയിലേയും വിശ്വാസികൾ പങ്കെടുത്ത ഓൺലൈൻ ക്വിസ് മത്സരമാണ് മിഷൻ ക്വസ്റ്റ്. 2024 ഡിസംബർ 14ന് സീറോമലബാർ മിഷനും വിശ്വാസപരിശീലന കമ്മീഷനും സംയുക്തമായി നടത്തിയ മത്സരത്തിന്റെ രൂപതാതല വിജയികളെ ഡിസംബർ 18നു സീറോമലബാർ മിഷൻ വെബ്സൈറ്റിലൂടെ wwws.yro-malabarmission.com പ്രഖ്യാപിച്ചിരുന്നു. ദൈവവചനവും, സഭാപ്രബോധനവും, സഭയുടെ മിഷൻ പ്രവർത്തങ്ങളും ആഴത്തിൽ അറിയുവാനും സ്നേഹിക്കുവാനും അവസരമൊരുക്കുന്ന മിഷൻ ക്വസ്റ്റ്ന് വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത്, സീറോമലബാർ മിഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, സി. ജിൻസി ചാക്കോ എം.എസ്.എം.ഐ, സി. മെർലിൻ ജോർജ് എം.എസ്.എം.ഐ എന്നിവർ നേതൃത്വം നല്കി.

# അന്താരാഷ്ട്ര കോൺക്ലേവിനുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു

**കൊച്ചി:** സംസ്ഥാന ഉന്നതവിദ്യാഭ്യാസവകുപ്പിന്റെയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൻറെയും (കെഎസ്എച്ച്ഇസി) ആഭിമുഖ്യത്തിൽ ജനുവരി 14, 15 തീയതികളിൽ നടക്കുന്ന 'ഷേപ്പിംഗ് കേരളാസ് ഫ്യൂചർ ഇൻറർനാഷണൽ കോൺക്ലേവ് ഓഫ് ഓൺ നെക്സ്റ്റ് ജെന ഹയർ എജുക്കേഷൻ' എന്ന അന്താരാഷ്ട്ര കോൺക്ലേവിന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഒരുക്കങ്ങൾ പൂർത്തിയാകുന്നു.

സർവകലാശാല ആതിഥേയത്വം വഹിക്കുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുന്നത് മുഖ്യമന്ത്രി പിണറായി വിജയനാണ്. മന്ത്രിമാരായ ആർ ബിന്ദു, പി രാജീവ്, ശ്രീ കെ എൻ ബാലഗോപാലൻ എന്നിവർ ഭാഗഭാക്കാകുന്ന ഈ അന്താരാഷ്ട്ര സമ്മേളനത്തിൽ നൊബേൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള അക്കാദമിക വിദഗ്ധർ, ശാസ്ത്രജ്ഞർ, വിദ്യാഭ്യാസവിചക്ഷണർ എന്നിവർ പങ്കെടുക്കും.

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന ഈ പരിപാടി വിദ്യാഭ്യാസസമ്പ്രദായത്തിൽ പുനരവലോകനവും ആധുനികവൽക്കരണവും ആവശ്യമുള്ള മേഖലകൾ തിരിച്ചറിയുന്നതിന് സഹായകമാകുമെന്നും നൂതനമാർഗ്ഗങ്ങളിലൂടെ കേരളത്തിന്റെ അക്കാദമികശേഷിയെ ഇനിയും വിപുലമാക്കുമെന്നും പ്രതീക്ഷിക്കുന്നു. ഭാവി തലമുറകൾക്കുള്ള ഒരു കർമപദ്ധതിയായി അവതരിപ്പിക്കപ്പെടുന്ന ഇരുപതോളം സെഷനുകൾ സാമ്പത്തിക സ്ഥിരത, അന്താരാഷ്ട്രവൽക്കരണം, തൊഴിൽ സാധ്യതകൾ, സംരംഭകത്വം, നൈപുണ്യ വികസനം, വ്യവസായഅക്കാദമിക പങ്കാളിത്തം, ശാസ്ത്ര ഗവേഷണങ്ങളുടെ സാമൂഹികപരിവർത്തനം, ഭരണപരിഷ്കാരങ്ങൾ, സുസ്ഥിരതയുടെ ഭാവി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യും.

കുസാറ്റ് ക്യാമ്പസിൽ സെമിനാർ കോംപ്ലക്സിലെ മെയിൻ ഹാൾ, എക്സിക്യൂട്ടീവ് ഹാൾ, മിനി ഹാൾ എന്നിവയും, ഫോട്ടോണിക്സ്, ഇലക്ട്രോണിക്സ്, ഫിസിക്സ്, കെമിസ്ട്രി വകുപ്പുകളിലെ ഓഡിറ്റോറിയങ്ങളും അടക്കം ഏഴ് വേദികളിലായി നടക്കുന്ന സമ്മേളനത്തിനായുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിലാണ് പൂർത്തിയാക്കുന്നത്. സമ്മേളനദിവസങ്ങളിൽ ക്യാമ്പസിലേക്ക് മെട്രോയുടെ പ്രത്യേക ഫീഡർ സർവീസുകളും ഉണ്ടായിരിക്കും.

ഉന്നതവിദ്യാഭ്യാസ, സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, കെഎസ്എച്ച്ഇസി മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ്, വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി, രജിസ്ട്രാർ ഡോ. എ യു അരുൺ, മുൻ വൈസ് ചാൻസലർ ഡോ. പി ജി ശങ്കരൻ എന്നിവരുടെ നേതൃത്വത്തിലാണ് കുസാറ്റിലെ സംഘാടകസമിതി പ്രവർത്തിക്കുന്നത്.

ആയിരത്തിയഞ്ഞൂറിലേറെപ്പേർ സമ്മേളനത്തിൽ പങ്കെടുക്കാനായി എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.




## പ്രതിരോധ, പോലീസ് സേനാംഗങ്ങൾക്ക് റിപ്പബ്ലിക് ദിന പ്രത്യേക ഓഫർ പ്രഖ്യാപിച്ച് നിസാൻ

**കൊച്ചി:** റിപ്പബ്ലിക് ദിനത്തിനോട് അനുബന്ധിച്ച്, നിസാന്റെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന മാഗ്നൈറ്റിനു എല്ലാ പ്രതിരോധ ഉദ്യോഗസ്ഥർക്കും കേന്ദ്ര/സംസ്ഥാന പോലീസ് വകുപ്പുകൾക്കുമായി പ്രത്യേക വിലക്കിഴിവ്. 'ബോൾഡ് ഫോർ ദി ബ്രേവ്' റിപ്പബ്ലിക് ബൊണാൻസ ഓഫറിലൂടെ എല്ലാ സായുധ സേനാംഗങ്ങൾക്കും 72,000 മുതൽ ഒരു ലക്ഷം രൂപ വരെയുള്ള പ്രത്യേക വിലക്കിഴിവ് നേടാം. സിഎസ്ഡി എ എഫ് ഡി പോർട്ടൽ (www.afd.csdindia.gov.in) വഴി ബുക്ക് ചെയ്യുന്നതിലൂടെ സിഎസ്ഡിക്ക് കീഴിൽ ലഭ്യമായ ബോണൻസയും നികുതി ആനുകൂല്യവും ലഭിക്കും.

ഇന്ത്യയിലുടനീളമുള്ള എല്ലാ കേന്ദ്ര അർദ്ധസൈനിക, സംസ്ഥാന പോലീസ് സേനകളിലെ എല്ലാ ഉ ദ ്യാഗസ്ഥർക്കും നിസാൻ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഓഫർ ലഭിക്കുന്നതിന് രാജ്യത്തുടനീളമുള്ള ഏത് നിസാൻ അംഗീകൃത ഡീലർഷിപ്പും സന്ദർശിക്കാം. ജനുവരി 31 വരെ ഈ ഓഫർ വഴി ബുക്കിംഗ് നടത്താവുന്നതാണ്. 24:7 റിപ്പബ്ലിക് ബൊണാൻസ എക്സ്ക്ലൂസീവ് ഹെൽപ്പ് ഡെസ്ക് നമ്പർ: +91 18002093456.

## ആൽഫ ലോ വോലാറ്റിലിറ്റി 30 ഇൻഡക്സ് ഫണ്ടുമായി ബന്ധൻ

**കൊച്ചി:** ബന്ധൻ മ്യൂച്ചൽ ഫണ്ട് ബന്ധൻ നിഫ്റ്റി ആൽഫ ലോ വോലാറ്റിലിറ്റി 30 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. പുതിയ ഫണ്ട് ഓഫർ (ചഎഛ) ജനുവരി 20 തിങ്കളാഴ്ച അവസാനിക്കും. ഉയർന്ന റിസ്ക് എടുക്കാൻ താൽപര്യമുള്ള നിക്ഷേപകർക്കായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ദീർഘകാല സമ്പത്ത് സൃഷ്ടിക്കൽ, വൈവിധ്യവൽക്കരണം, വളർച്ചാ സാധ്യതയും സ്ഥിരതയും തമ്മിലുള്ള സന്തുലിതാവസ്ഥ എന്നിവ ലക്ഷ്യമിടുന്നവർക്ക് ഈ ഫണ്ട് അനുയോജ്യമാണ്. നിക്ഷേപകർക്ക് ലൈസൻസുള്ള മ്യൂച്ചൽ ഫണ്ട് വിതരണക്കാർ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയോ നേരിട്ടോ ബന്ധൻ നിഫ്റ്റി ആൽഫ ലോ വോളറ്റിലിറ്റി 30 ഇൻഡക്സ് ഫണ്ടിലേക്ക് സബ്സ്ക്രൈബുചെയ്യാനാകും.

## ടിസിഎസിന് ഡിസംബർ പാദത്തിൽ ലാഭവളർച്ച

**മുംബൈ:** ഡിസംബറിൽ അവസാനിച്ച 3 മാസത്തിൽ ടിസിഎസ് 12,380 കോടി രൂപ ലാഭം നേടി. വർധന 11.95 ശതമാനം. വരുമാനം 5.6 ശതമാനം ഉയർന്ന് 63,973 കോടി രൂപയിലെത്തി. ഇക്കാലയളവിൽ ജീവനക്കാരുടെ എണ്ണത്തിൽ 5000 പേരുടെ കുറവും ഉണ്ടായി. ഡിസംബറിലെ കണക്കു പ്രകാരം ആകെ ജീവനക്കാർ 6.07 ലക്ഷമാണ്. ഒരു ഓഹരിക്ക് 76 രൂപ നിരക്കിൽ ലാഭവിഹിതവും പ്രഖ്യാപിച്ചു. ബിഎസ്ഇയിൽ ടിസിഎസ് ഓഹരി വില 1.72 ശതമാനം കുറഞ്ഞ് 4036.65 രൂപയിലെത്തി.

## ഗ്രാഫീൻ അറോറ പദ്ധതിക്ക് ഭരണാനുമതി

**തിരുവനന്തപുരം:** നവ മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് 'ഗ്രാഫീൻ അറോറ' പദ്ധതി നിർവഹണത്തിന് ഭരണാനുമതി നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 94.85 കോടി രൂപ ചെലവിട്ടാണ് പദ്ധതി പൂർത്തീകരിക്കുന്നത്.

സംസ്ഥാന സർക്കാരിൻറെയും കേന്ദ്ര ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും മന്ത്രാലയത്തിൻറെയും വ്യവസായ പങ്കാളികളുടെയും പങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേന നടപ്പാക്കുന്നത്.

സംസ്ഥാന സർക്കാർ 47.22 കോടി രൂപയും കേന്ദ്ര ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും മന്ത്രാലയം 37.63 കോടി രൂപയും മുടക്കും. വ്യവസായ പങ്കാളികൾ 10 കോടി രൂപയാകും മുടക്കുക.

# ഓയിൽ കമ്പനികൾക്ക് സബ്സിഡി നൽകിയേക്കും

**ന്യൂഡൽഹി:** സർക്കാർ ഉടമസ്ഥതയിലുള്ള ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ് (ഐഒസി), ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (എച്ച്പിസിഎൽ) എന്നിവയ്ക്ക് അടുത്ത ബജറ്റിൽ സബ്സിഡി അനുവദിച്ചേക്കുമെന്ന് റിപ്പോർട്ട്.

കഴിഞ്ഞ സാമ്പത്തികവർഷം വിൽപ്പനയിലുണ്ടായ നഷ്ടം നികത്താൻ 35,000 കോടി രൂപയോളം കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകുമെന്നാണ് പുറത്തുവരുന്ന വിവരം.

അസംസ്കൃത വസ്തുക്കളുടെ വില വർധിച്ചിട്ടും 2024 മാർച്ച് മുതൽ മൂന്ന് കമ്പനികളും ഗാർഹിക എൽപിജി സിലിണ്ടറിൻറെ വിലയായ 803 രൂപയിൽ മാറ്റമില്ലാതെ നിലനിർത്തിയിരുന്നു. ഇതേത്തുടർന്ന് ഏപ്രിൽസെപ്റ്റംബർ മാസങ്ങളിൽ (നിലവിലെ 2024 25 സാമ്പത്തിക വർഷത്തിൻറെ ആദ്യ പകുതി) മൂന്ന് കന്പനികളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിച്ചിരുന്നു.

ഏകദേശം 40,500 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. 202425 സാന്പത്തിക വർഷത്തിൻറെ രണ്ടാം പകുതിയിൽ 10,000 കോടി രൂപ, അടുത്ത സാമ്പത്തിക വർഷത്തിൻറെ ആദ്യ പകുതിയിൽ 25,000 കോടി രൂപ എന്ന രീതിയിലായിരിക്കും സബ്സിഡി നൽകുക. 2025ലെ കേന്ദ്ര ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമൻ ഇതു സംബന്ധിച്ച തീരുമാനം പ്രഖ്യാപിച്ചേക്കും.

# കർഷകർക്ക് അധിക വരുമാനത്തിന് സോളർ ജലസേചന പമ്പ് ലക്ഷം കണക്ഷന് കൂടി അനുമതി തേടി കെഎസ്ഇബി

**പാലക്കാട്:** കാർഷിക ജലസേചനത്തിനു സൗരോർജം ഉപയോഗിക്കുന്നതിലൂടെ കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുന്ന പിഎം കുസും പദ്ധതിയിൽ ഒരു ലക്ഷം കണക്ഷനു കൂടി അനുമതി തേടി അനെർട്ട് കേന്ദ്രസർക്കാരിനെ സമീപിച്ചു. പമ്പുകൾ സൗരോർജത്തിലേക്കു മാറ്റുന്ന പദ്ധതിയിൽ ഭൂരിഭാഗം കർഷകരെയും പങ്കാളികളാക്കുകയാണു ലക്ഷ്യം. പിഎം കുസും പദ്ധതിയിൽ സംസ്ഥാനത്തിന് അനുവദിച്ച 45,000 സോളർ കണക്ഷനിൽ 5000 എണ്ണം പൂർത്തിയായി. പാനൽ സ്ഥാപിക്കാനുള്ള ചെലവ് കേന്ദ്രം 30%, സംസ്ഥാനം 30%, ഗുണഭോക്താവ് 40% എന്ന അനുപാതത്തിൽ പങ്കിടണമെന്നാണു കേന്ദ്രവ്യവസ്ഥ.



കർഷകരുടെയും സംസ്ഥാന സർക്കാരിന്റെയും വിഹിതം നബാർഡ് വായ്പയായി കണ്ടെത്തി അനെർട്ട് നേരിട്ടാണു പദ്ധതി നടപ്പാക്കുന്നത്. കൃഷിയിടത്തിൽ സ്ഥാപിക്കുന്ന സോളർ പാനലിൽ നിന്നുള്ള വൈദ്യുതിയിൽ, പമ്പിങ്ങിനുള്ള ആവശ്യം കഴിഞ്ഞുള്ളതു കെഎസ്ഇബി ഗ്രിഡിലേക്ക് എടുക്കും. അതിൽ നിന്നുള്ള വരുമാനം കൊണ്ടു വായ്പ തിരിച്ചടയ്ക്കും. പമ്പിങ്ങിനുള്ള വൈദ്യുതി കർഷകനു സൗജന്യമായി ലഭിക്കും.

സൗരോർജത്തിലേക്കു മാറാൻ താൽപര്യമുള്ള കർഷകർ കൃഷിഭവനിൽ അപേക്ഷ നൽകണം.

അപേക്ഷ പരിശോധിച്ച് അനർട്ട് എം പാനൽ ചെയ്ത ഏജൻസികൾ കർഷകരുമായി സംസാരിച്ച് സോളർ പാനൽ സ്ഥാപിക്കാൻ യോജിച്ച സ്ഥലം കണ്ടെത്തും.

തുടർന്നു കെഎസ്ഇബിയും അനർട്ടും കർഷകനും 25 വർഷത്തെ ത്രികക്ഷി കരാറുണ്ടാക്കിയ ശേഷം പാനൽ സ്ഥാപിക്കും.

# ഹോട്ടലും കൺവൻഷൻ സെന്ററും: പലിശ ഇളവോടെ കെഎഫ്സി വായ്പ

**കൊച്ചി:** കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച കൺവൻഷൻ സെന്റർ, ഹോട്ടൽ പദ്ധതികൾക്ക് വായ്പ നൽകാൻ കെഎഫ്സി പദ്ധതി തയാറാക്കി. 50 കോടിയിലേറെ മുതൽമുടക്കുള്ള വൻകിട പദ്ധതികൾക്കാണ് പലിശ സബ്സിഡിയോടെ വായ്പ. ദേശീയ, രാജ്യാന്തര കൺവൻഷനുകൾ നടത്താൻ കഴിയും വിധം വിവിധ കേന്ദ്രങ്ങളിൽ ബൃഹത്തായ കൺവൻഷൻ സെന്ററുകളും വൻകിട ഹോട്ടലുകളും 3 വർഷത്തിനകം സ്ഥാപിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നു.

5000 കോടിയുടെ നിക്ഷേപമാണു പ്രതീക്ഷിക്കുന്നത്. ആദ്യ ഘട്ടമായി വർക്കല, കൊല്ലം, മൺറോത്തുരുത്ത്, ആലപ്പുഴ, മൂന്നാർ, ഫോർട്ട്കൊച്ചി, പൊന്നാനി, ബേപ്പൂർ, കോഴിക്കോട്, കണ്ണൂർ, ബേക്കൽ എന്നിങ്ങനെ 11 ഇടങ്ങളിലാണു സ്ഥാപിക്കുക. 10000 അധിക ഹോട്ടൽ മുറികൾ സൃഷ്ടിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്.

പലിശ സബ്സിഡിക്കായി 50 കോടി ബജറ്റിൽ വകയിരുത്തി. സ്വകാര്യ സംരംഭകർ തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഭൂമി ലഭ്യമാക്കേണ്ടത്. നടപ്പാക്കാനുള്ള നോഡൽ ഏജൻസിയായി കെഎഫ്സിയെയും നിശ്ചയിച്ചു. അതനുസരിച്ചു കെഎഫ്സി തയാറാക്കിയ പദ്ധതിയിൽ 500 കോടിയാണ് പ്രാരംഭ ചെലവ് കണക്കാക്കുന്നത്. 50 മുറികളിൽ കുറയാത്ത ഹോട്ടൽ പദ്ധതിക്കും വായ്പായോഗ്യത നേടാൻ 50 കോടിയിലേറെ അടങ്കൽ വേണം.

# ക്രൂഡ് ഓയിൽ വില ഉയരുന്നു

**മുംബൈ:** ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വില ഉയരുന്നു. തുടർച്ചയായ മൂന്നാമത്തെ ആഴ്ചയും ക്രൂഡ് ഓയിൽവില ഉയരത്തിലാണ്. ഇന്ത്യ മുഖ്യമായി ആശ്രയിക്കുന്ന ബ്രെൻഡ് ക്രൂഡിൻറെ വില ബാരലിന് 79.15 ഡോളർ കടന്ന് കുതിക്കുകയാണ്.റഷ്യക്കും ഇറാനുമെതിരേ കൂടുതൽ ഉപരോധം ഏർപ്പെടുത്തുമെന്ന ആശങ്കയ്ക്കിടെയാണ് വില കുതിക്കുന്നത്. ബ്രെൻറ് ക്രൂഡ് ഫ്യൂച്ചേഴ്സ് 2.66 ഡോളർ ഉയർന്ന് ബാരലിന് 79.58 ഡോളറിലെത്തി. കഴിഞ്ഞ മൂന്നുമാസത്തെ ഏറ്റവും ഉയർന്ന വിലയാണിത്.വെസ്റ്റ് ടെക്സസ് ഇൻറർമീഡിയറ്റ് (ഡബ്ല്യുടിഐ) ഫ്യൂച്ചേഴ്സ് 2.64 ഡോളറായി ഉയർന്ന് ബാരലിന് 76.56 ഡോളറിലെത്തി. ബ്രെൻറ് ക്രൂഡും ഡബ്ല്യുടിഐയും ഇന്നലെ മൂന്നു ശതമാനത്തിലേറെയാണ് ഉയർന്നത്. ജനുവരി 10 വരെയുള്ള മൂന്നാഴ്ചകളിൽ ബ്രെൻറ് ഒന്പതു ശതമാനവും ഡബ്ല്യുടിഐ പത്ത് ശതമാനവുമാണ് ഉയർന്നത്.യൂറോപ്പിലും യുഎസിൻറെ ചില ഭാഗങ്ങളിലും കഴിഞ്ഞ രണ്ട് ശൈത്യകാലത്തേക്കാൾ തണുത്ത കാലാവസ്ഥയായതിനാൽ ചൂടാക്കൽ ആവശ്യത്തിന് കൂടുതലായി എണ്ണയെ ആശ്രയിക്കേണ്ട അവസ്ഥയാണുണ്ടായിരിക്കുന്നത്.



# കൊച്ചി ലുലുമാളിൽ 41 മണിക്കൂർ ഇടവേളയില്ലാത്ത ഷോപ്പിങ് ഇന്ന് മുതൽ

## കൊച്ചി ലുലു മാൾ അടയ്ക്കുക തിങ്കളാഴ്ച പുലർച്ചെ രണ്ടിന്

**കൊച്ചി:** ലുലുമാളിൽ 41 മണിക്കൂർ ഇടവേളയില്ലാത്ത ഷോപ്പിങ് ഇന്ന് (ശനി). ലുലു ഓൺ സെയിലിന്റെയും ലുലു ഫ്ളാറ്റ് ഫിഫ്റ്റി സെയിലിന്റേയും ഭാഗമായിട്ടാണ് ഇന്ന് മുതൽ 41 മണിക്കൂർ നോൺ സ്റ്റോപ്പ് ഷോപ്പിങ് നടക്കുക. ഇന്ന് രാവിലെ 9ന് തുറക്കുന്ന മാൾ ഇടവേളയില്ലാതെ 13ന് പുലർച്ചെ 2 വരെ തുറന്ന് പ്രവർത്തിക്കും. 50 ശതമാനം കിഴിവിലുള്ള മെഗാ ഷോപ്പിങ്ങിൽ പങ്കാളികളാകാൻ ഇതുവഴി കൂടുതൽ സന്ദർശകർക്ക് കഴിയും. ലുലു പ്രഖ്യാപിച്ച ഓഫർ വിൽപനയ്ക്ക് വൻ ജനപങ്കാളിത്തമാണ് രേഖപ്പെടുത്തുന്നത്. കൊച്ചി ലുലു മാൾ അടക്കമുള്ള സംസ്ഥാനത്തെ എല്ലാ മാളുകളിലും ഡെയ്‌ലികളിലും രാത്രി വൈകിയും വിൽപന തുടരുകയാണ്.

ലുലു ഓൺ സെയിലിന് ഒപ്പം തന്നെ ലുലു ഹൈപ്പർ മാർക്കറ്റ്, ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട് എന്നിവിടങ്ങളിൽ ഫ്ളാറ്റ് ഫിഫ്റ്റി സെയിലുമാണ്

നടക്കുന്നത്.എൻഡ് ഓഫ് സീസൺ സെയിലുടെ ലുലു ഫാഷൻ സ്റ്റോറിൽ വില കിഴിവ് ഈ മാസം 19വരെ ലഭിക്കും. അന്താരാഷ്ട്ര ബ്രാൻഡുകൾ ഉൾപ്പെടുന്ന ലുലു മാളുകളിലെ വിവിധ ഷോപ്പുകൾ ലുലു ഓൺ സെയിലിന്റെ ഭാഗമാണ്. കൂടാതെ 50 ശതമാനം വിലക്കുറവിൽ ലുലു കണക്ട് , ലുലു ഫാഷൻ, ലുലു ഹൈപ്പർ എന്നിവയിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ ലുലു ഫ്ളാറ്റ് ഫിഫ്റ്റി സെയിലിലൂടെയും അവസരം ഒരുക്കിയിരിക്കുന്നത്. ഇലക്ട്രോണികിസ് ആൻഡ് ഹോം അപ്ലയൻസ് ഉത്പ്പന്നങ്ങളുടെ വൻ ശേഖരമാണ് ഫ്ളാറ്റ് ഫിഫ്റ്റിയുടെ ഭാഗമായി ലുലു കണക്ടിൽ ഒരുക്കിയിരിക്കുന്നത്. ടിവി, വാഷിങ് മെഷിൻ, ഫ്രിഡ്ജ് തുടങ്ങി വീട്ടുപകരണങ്ങളും, ഇലക്ട്രോണിക് ഉപകരണങ്ങളും 50 ശതമാനം കിഴിവിൽ സ്വന്തമാക്കാം. ഇതിന് പുറമേ ലുലു ഹൈപ്പറിൽ നിന്ന് റീട്ടെയിൽ ഉത്പന്നങ്ങൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയും 50 ശതമാനം കിഴിവിൽ ഫ്ളാറ്റ് ഫിഫ്റ്റി സെയിലിലൂടെ വാങ്ങിക്കാൻ സാധിക്കും.Lulu Online India Shopping APP വഴിയും www.luluhypermarket.in എന്ന വെബ്സൈറ്റ് സന്ദർശിച്ചോ വില കുറവിൽ ഉൽപ്പന്നങ്ങൾ വാങ്ങാൻ കഴിയും.

# സസ്റ്റൈനബിൾ വെൽത്ത് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** സ്ഥിരവരുമാനം നേടി വളരുന്ന കമ്പനികളുടെ ഓഹരികളിൽ നിക്ഷേപിക്കുന്ന സസ്റ്റൈനബിൾ വെൽത്ത് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ്. ആക്സിസ് മാക്സ് ലൈഫ് സ്വന്തമായി വികസിപ്പിച്ചെടുത്ത സുസ്ഥിര ലാഭ സൂചികയെ അടിസ്ഥാനമാക്കിയാണ് ഫണ്ടിന്റെ പ്രവർത്തനം.

AXIS MAX LIFE INSURANCE

വിപണിയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന 50 കമ്പനികളുടെ ഓഹരികളിലാണ് ആക്സിസ് മാക്സ് ലൈഫ് സസ്റ്റൈനബിൾ വെൽത്ത് 50 ഇൻഡക്സ് ഫണ്ട് നിക്ഷേപം നടത്തുന്നത്. നിഫ്റ്റി 500 സൂചികയിൽ നിന്നും മികച്ച പ്രകടനം കാഴ്ചവെക്കുന്ന 50 സ്ഥാപനങ്ങളെ ഇതിനായി തെരഞ്ഞെടുക്കുന്നു. തുല്യാനുപാതത്തിൽ പ്രത്യേകം നിർണയിക്കുന്ന ഒരു സൂചികയെ അടിസ്ഥാനമാക്കിയാണ് ഫണ്ട് പ്രവർത്തിക്കുന്നത്.

ഓഹരികളിൽ 80100% വരെയും വിപണിയിലെ മറ്റ് നിക്ഷേപ മാർഗങ്ങളിൽ 020% വരെയുമാണ് നിക്ഷേപങ്ങളുടെ വിഭജനരീതി. നിലവിൽ ആക്സിസ് മാക്സ് ലൈഫിന്റെ ഓൺലൈൻ യുലിപ് ഉൽപ്പന്നങ്ങളായ ഓൺലൈൻ സേവിങ്സ് പ്ലാൻ, ഫ്ലെക്സി വെൽത്ത് അഡ്വാന്റേജ് പ്ലാൻ പോലുള്ളവ വഴി ഈ ഫണ്ടിൽ നിക്ഷേപിക്കാം. ഔദ്യോഗിക ലോഞ്ചിന് ശേഷം കൂടുതൽ ഉല്പന്നങ്ങളിലേക്ക് ഫണ്ട് വ്യാപിപ്പിക്കും.

നിക്ഷേപകരുടെ മാറിമാറി വരുന്ന ആവശ്യങ്ങൾക്കും വിപണിയിലെ ചലനങ്ങൾക്കുമനുസരിച്ച് ലാഭകരമായ പുതിയ നിക്ഷേപ മാർഗങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസിന്റെ ശ്രമങ്ങളുടെ ഭാഗമാണ് ഈ പുതിയ ഫണ്ടെന്ന് കമ്പനിയുടെ ഇ.വി.പിയും ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസറുമായ സച്ചിൻ ബജാജ് പറഞ്ഞു.

# മുത്തൂറ്റ് ഫിനാൻസ് 'സൗണ്ട്സ്കേപ്പ് പ്രോജക്ട്' കൊച്ചിയിൽ ആരംഭിച്ചു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിൻറെ പുതിയ സിഎസ്ആർ പദ്ധതിയായ 'സൗണ്ട്സ്കേപ്പ് പ്രോജക്ട്' കൊച്ചിയിൽ ആരംഭിച്ചു. 'എനേബിളിങ് യങ് ഇയേഴ്സ്' എന്ന ആശയവുമായി നൂതന ശ്രവണസഹായിലൂടെ ശ്രവണ വൈകല്യമുള്ള 100ലധികം കുട്ടികൾക്ക് കേൾക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി ഉറപ്പുവരുത്തി അവരെ ശാക്തീകരിക്കാനാണ് മുത്തൂറ്റ് ഫിനാൻസ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.



വിദ്യാഭ്യാസ ആരോഗ്യ ബോധവൽക്കരണ പരിപാടികളിലൂടെ സുസ്ഥിരമായ ശ്രവണ പരിചരണവും പുനരധിവാസവുമാണ് മുത്തൂറ്റ് ഫിനാൻസ് മുത്തൂറ്റ് സൗണ്ട്സ്കേപ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഫിറ്റിങ്, ഫോളോഅപ്പുകൾ, പോസ്റ്റ് ഫിറ്റിങ് റീഹാബിലിറ്റേഷൻ സേവനങ്ങൾ എന്നിവയിലൂടെ പ്രത്യേക കഴിവുള്ള കുട്ടികൾക്ക് ആശയവിനിമയ കഴിവുകളും പഠന പുരോഗതി വർദ്ധിപ്പിക്കുന്നതിനായി കമ്പനി പ്രവർത്തിക്കുന്നു.

വോയ്സ് സ്പീച്ച് ആൻഡ് ഹിയറിംഗ് കെയറുമായി (വോയ്സ് എസ്എച്ച്സി) സഹകരിച്ച് രണ്ട് ദിവസങ്ങളിലായി നടന്ന പരിപാടിയിൽ ഗുണഭോക്താക്കൾക്ക് ഡോക്യുമെൻറേഷൻ, മെഡിക്കൽ പരിശോധന, ശ്രവണ പരിശോധന എന്നിവ നടത്തി ഓരോരുത്തർക്കും യോജിച്ച ശ്രവണസഹായികൾ നൽകി.

ഓരോ കുട്ടിക്കും ബൈനൗറൽ ബിഹൈൻഡ്ദിഇയർ (ബിടിഇ) ശ്രവണസഹായി ഘടിപ്പിക്കുന്നതിനുള്ള ചെലവ് 13000 രൂപയിലധികം വരും. ഉപകരണം, ആക്സസറികൾ, കസ്റ്റമൈസേഷൻ, പോസ്റ്റ്ഫിറ്റിങ് സേവനങ്ങൾ, മൂന്ന് വർഷത്തെ വാറൻറി എന്നിവ ഉൾപ്പെടുന്നതാണ് പദ്ധതി. 149 ഗുണഭോക്താക്കൾക്ക് (112 പേർ കാസർകോടും, 37 പേർ കൊച്ചിയിലും) ശ്രവണസഹായി നൽകുന്നതിന് 19 ലക്ഷം രൂപയാണ് ചെലവ്. ഘട്ടം ഘട്ടമായി രാജ്യത്തിൻറെ മറ്റ് ഭാഗങ്ങളിലും ഈ പദ്ധതി നടപ്പിലാക്കാനാണ് മുത്തൂറ്റ് ഫിനാൻസ് ലക്ഷ്യമിടുന്നത്.

കേൾവിക്കുറവ് ഒരു ആരോഗ്യപ്രശ്നമല്ല. ഇത് ആശയവിനിമയം, വിദ്യാഭ്യാസം, അനേകം കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന ഒരു വെല്ലുവിളിയാണ്. യുവാക്കളുടെ ജീവിതം രൂപപ്പെടുത്തുന്നതിൽ നേരത്തെയുള്ള ഇടപെടലിൻറെയും പുനരധിവാസത്തിൻറെയും ആവശ്യകത തങ്ങൾ തിരിച്ചറിയുന്നു. മുത്തൂറ്റ് സൗണ്ട്സ്കേപ്പ് പ്രോജക്റ്റ് ഒരു സിഎസ്ആർ പദ്ധതി എന്നതിലുപരി കേൾവി വൈകല്യമുള്ള കുട്ടികളെ ലോകവുമായി ഇടപഴകാൻ സഹായിക്കുന്ന ഒരു ദൗത്യമാണ്. യുവതലമുറയെ ശാക്തീകരിക്കുന്നതിലൂടെ അഭിവൃദ്ധി നേടുന്ന ഒരു സമൂഹത്തിൽ നിന്ന് പ്രയോജനം നേടുന്നതിന് ഓരോ വ്യക്തിക്കും തുല്യ അവസരങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് സാമ്പത്തിക വികസനത്തിനായി പ്രവർത്തിക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നത്. ഈ പ്രത്യേക കഴിവുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത സമൂഹത്തിൽ സമഗ്രമായ വളർച്ച കൊണ്ടുവരുക എന്ന തങ്ങളുടെ ലക്ഷ്യവുമായി ഒത്തുപോകുന്നതാണെന്ന് മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ്ജ് അലക്സാണ്ടർ പറഞ്ഞു.

